പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6955 02.11.2011 ൽ മറുപടിക്ക്

## നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് അവലോകന യോഗങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. എം. പി. വിൻസെന്റ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പി. എ. മാധവൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പു മന്ത്രി) |
| (എ) നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്<br><br>(ബി) ഇതിനായി മരാമത്ത് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ജില്ലാതല അവലോകന യോഗങ്ങൾ കൂടുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുമോ;<br><br>(സി) ഇതിനായി കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം? | (എ), (ബി) & (സി)<br>പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനും, വിലയിരുത്തുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും, എം.എൽ.എ.മാരേയും, മറ്റു ജനപ്രതിനിധികളേയും ഉൾപ്പെടുത്തി ജില്ലാതല അവലോകന യോഗങ്ങൾ നടത്തുകയും, പ്രവൃത്തികൾ വേഗത്തിൽ നടത്തുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു വരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ ജില്ലകൾ ഒഴികെ മറ്റു ജില്ലകളിൽ അവലോകനയോഗങ്ങൾ നടത്തിയിട്ടുണ്ട്. ഈ ജില്ലകളിൽ ഉടനെ അവലോകന യോഗം ചേരുന്നതാണ്.<br>പൊതുമരാമത്ത് നിരത്തു വിഭാഗം, പ്രവൃത്തികൾ പരിശോധിക്കുന്നതിനും, വേഗത്തിലാക്കുന്നതിനുമായി 3 മേഖലാ തലത്തിലും ഓരോ പരിശോധനാ ടീമിനെ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ടീം പ്രവൃത്തികൾ വിലയിരു ത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയർ മാസം തോറും സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുന്ന തിനും നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ